## സംസ്ഥാനവാർത്തകൾ

**ആസ്പത്രിനിയന്ത്രണ ബിൽ ഉടൻ അംഗീകരിക്കാൻ തീരുമാനം**

സർക്കാർ, സ്വകാര്യ ആസ്പത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്നതിനുള്ള ബിൽ ഉടൻ പാസാക്കുമെന്ന് മന്ത്രി കെ.കെ. ശൈലജ. പൊതുജനാഭിപ്രായം ആരാഞ്ഞശേഷം നിയമസഭ ചർച്ചചെയ്യാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ, നിയമം ഉടൻ നിലവിൽവരേണ്ട സാഹചര്യം കണക്കിലെടുത്ത് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. 16-ന് ചേരുന്ന സബ്ജക്ട് കമ്മിറ്റി ബിൽ പരിശോധിക്കും. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ ബിൽ പാസാക്കാനാണ്ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നത്.

**(മാ.,11/08)**

**ജൈവ പച്ചക്കറിയിലും പഴങ്ങളിലും പുതുനിര കീടനാശിനികൾ**

പച്ചക്കറികളിലും പഴങ്ങളിലും പുതുനിര രാസകീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തി. കൃഷിവകുപ്പും കാർഷിക സർവകലാശാലയും നടത്തിയ പരിശോധനയിലാണിത്. ജൈവമെന്ന ലേബലിൽ വിറ്റിരുന്ന കാപ്സിക്കത്തിൽ അഞ്ചിനം കീടനാശിനിയും രണ്ടിനം കുമിൾനാശിനിയും കണ്ടെത്തി.വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ തെർമോ സയന്റിഫിക്ക് (ലിക്വിഡ് ക്രോമറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ) എന്ന ആധുനിക ഉപകരണത്തിലൂടെയാണ് കീടനാശിനിയുടെ അംശം കണ്ടെത്തിയത്. കീടനാശിനി 100 കോടിയിൽ ഒരംശമെങ്കിലും ഉണ്ടെങ്കിൽ ഈ ഉപകരണം കണ്ടെത്തുമെന്ന് ലാബിന്റെ മേധാവിയും അസോസിയേറ്റ് ഡയറക്ടറുമായ ഡോ. തോമസ് ബിജുമാത്യു പറഞ്ഞു.

**(മാ.,11/08)**

************